ഇതിന്റെ നിർമ്മാണത്തിനായി 9.10 ഏക്കർ (3.685 ഹെക്ടർ) സ്ഥലം എടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സഹായത്തോടെ shops, stalls, rest room/toilets, restaurant, Rustic amphi theatre, food court, thattukada, traditional theatre, service block തുടങ്ങിയവയുടെയും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ additional stall, modification of food court and thattukada, signages, security cabin, parking, landscaping, bio gas plant, performance area, pavilion/mandapam, amphi theatre, view points or children's play area, informal interaction space, Herbal garden, landscaping/seating, Exhibition boutlevards മുതലായവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി&സി) പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന്റെ 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ടൂറിസം വകുപ്പിന്റെ കേന്ദ്ര പദ്ധതികൾ

318 (1026) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ലാത്തവ എത്രയെണ്ണമാണ് ; വിശദമാക്കാമോ ; ഏത് വർഷത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതികൾ അനുവദിച്ചത് ;

(സി) കേന്ദ്ര ഗവൺമെന്റ് നാളിതുവരെ അനുവദിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടില്ലാത്ത ടൂറിസം പദ്ധതികളുടെ മൊത്തം തുക എത്ര ;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ചെങ്കിലും സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുകയുടെതാണെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച എത്ര പദ്ധതികൾ നിശ്ചിത കാലയളവിനുള്ളിൽ നടപ്പാക്കാൻ കഴിയാതെ റദ്ദാക്കേണ്ടി വന്നിട്ടുണ്ട് ; അവ ഏതൊക്കയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കിയശേഷം കമ്മീഷൻ ചെയ്തിട്ടില്ലാത്തവ ഇല്ല.

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച എല്ലാ പദ്ധതികൾക്കും സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

319 (1027) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം സർക്യൂട്ടിൽ ഏതെല്ലാം പദ്ധതികളെയാണ് ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം സർക്യൂട്ട് 'ഈസ്റ്റേൺ കോറിഡോർ' പദ്ധതിയാണ്. നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ്, ആഡ്യൻപാറ ഇക്കോഹബ്ബ്, വണ്ടൂർ ടൗൺ സ്ക്വയർ, വാണിയമ്പലം സ്ക്വയർ, ചേറുമ്പ് ഇക്കോ വില്ലേജ്, കേരളാംകുണ്ട് വെള്ളച്ചാട്ടം, എടവണ്ണ ചിൽഡ്രൻസ് പാർക്ക്, ചാലിയാർ നദീതീര പദ്ധതി, കോഴിപ്പാറ ഇക്കോടൂറിസം പദ്ധതി എന്നിവയാണ് ഈ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.